"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ മലപ്പുറം ജില്ല തോഴന്നൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി സുഫൈറ കെ. യ്ക്ക് ശൂന്യവേതന അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.116/2026/AYUSH തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-
1. 14/06/1994-ലെ സർക്കുലർ നം. 36/94/ധന.
2. ശ്രീമതി സുഫൈറ കെ. യുടെ 24.12.2025 ലെ ശൂന്യവേതനാവധി അപേക്ഷ.
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 21.01.2026 ലെ DISM/2350/2023-E2 നം.കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ മലപ്പുറം ജില്ല തോഴന്നൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി സുഫൈറ കെ. ടിയാളുടെ കുഞ്ഞിന്റെ പരിചരണവുമായി ബന്ധപ്പെട്ട് 20.02.2023 മുതൽ 28.08.2023 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമാർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കുഞ്ഞുങ്ങളുടെ പരിചരണവുമായി ബന്ധപ്പെട്ടാണ് അവധി ആവശ്യപ്പെട്ടിട്ടുള്ളത് എന്നതിനാൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതനാവധി അനുവദിക്കണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ല തോഴന്നൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ശ്രീമതി സുഫൈറ കെ. പരാമർശം (2) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിലും അനാരോഗ്യമുള്ള കുഞ്ഞിന്റെ പരിചരണവുമായി ബന്ധപ്പെട്ടാണ് അവധിയെടുത്തതെന്നതും കണക്കിലെടുത്തും ടിയാൾക്ക് 20.02.2023 മുതൽ 28.08.2023 വരെ 190 ദിവസം പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം.I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
   (ശ്രീമതി സുഫൈറ കെ. യുടെ സേവന പുസ്തകം സഹിതം)
2. ശ്രീമതി സുഫൈറ കെ., ഫാർമസിസ്റ്റ് ഗ്രേഡ്-2, ഗവ. ആയുർവേദ ഡിസ്പെൻസറി, തോഴന്നൂർ, മലപ്പുറം ജില്ല. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്
   (യു.ഒ.നം.E 2727489/HLT-B3/126/2024-FIN തീയതി 30.04.2024).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
5. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/42/2024-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 02-03-2026 15:46:55